**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 845** **24-02-2022 - ൽ മറുപടിയ്ക്ക്**

**ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപണികൾക്കും മറ്റുമായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ക്ഷേത്രങ്ങളിലെ ചുമർ ചിത്രങ്ങൾ, ദാരുശില്പങ്ങൾ എന്നിവ ഉൾപ്പെടെയുള്ള അപൂർവ്വനിർമ്മിതികൾ സംരക്ഷിക്കാൻ നടപടികൾ ഉണ്ടാകുമോ? | (എ) | 2021-22 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽ നിന്നും അനുവദിച്ചിട്ടുള്ള 5,17,37,120 (അഞ്ചു കോടി പതിനേഴ് ലക്ഷത്തിമുപ്പത്തിയേഴായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ ) രൂപായിൽ നിന്നും ക്ഷേത്രങ്ങളുടെ നിർമ്മാണപ്രവർത്തികളും അറ്റകുറ്റപണികളും നടത്തുന്നതിനായി ജീർണോദ്ധാരണ ഗ്രാന്റ് ഇനത്തിൽ ആകെ 3.40 കോടി രൂപ അനുവദിച്ചിട്ടുണ്ട് . ക്ഷേത്രങ്ങളിലെചുമർചിത്രങ്ങൾ, ദാരുശിൽപങ്ങൾ മുതലായ അപൂർവ്വ നിർമ്മിതികൾ സംരക്ഷിച്ച് വരുന്നുണ്ട്. ചില ക്ഷേത്രങ്ങളിൽ ഇത്തരം വിഷയങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചു വരുന്നുണ്ട് .എന്നാൽ ഇതിനായി മലബാർ ദേവസ്വം ബോർഡ് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ